# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T. 3880 25.06.2013 ൽ മറുപടിക്ക്

**ആധാർ കാർഡും നാഷണൽ പോപ്പുലേഷൻ രജിസ്റ്ററും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) നാഷണൽ പോപ്പുലേഷൻ രജിസ്റ്ററിൽ എല്ലാ കുടുംബാംഗങ്ങളെയും ചേർക്കുവാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ; (ബി) പ്രസ്തുത ഉദ്യമത്തിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് ; | (എ) & (ബി) ദേശീയ ജനസംഖ്യാ റജിസ്റ്ററിൽ ജനങ്ങളുടെ ഡെമോഗ്രാഫിക് വിവരങ്ങളും, ബയോമെട്രിക് വിവരങ്ങളുമാണ് ശേഖരിക്കുന്നത്. ഇതിൽ ഡെമോഗ്രാഫിക് വിവര ശേഖരണം ഏതാണ്ട് പൂർത്തിയായി കഴിഞ്ഞു. 78% ജനങ്ങളുടെ ബയോമെട്രിക് വിവരങ്ങളും ശേഖരിച്ച് കഴിഞ്ഞു. എല്ലാ കുടുംബാംഗങ്ങളെയും എൻ.പി. ആർ റജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനായി പ്രാദേശിക തലത്തിൽ ക്യാമ്പുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആദ്യ ഘട്ട വിവര ശേഖരണത്തിൽ ഉൾപ്പെടാതെ പോയവരെ കൂടി ലക്ഷ്യമിട്ട് ബയോമെട്രിക് വിവര ശേഖരണത്തിനായി രണ്ടാമത്തും ക്യാമ്പുകൾ സജ്ജീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) ആധാർ കാർഡും നാഷണൽ പോപ്പുലേഷൻ രജിസ്റ്ററും ഒരേ സമയം ഓരോ പൗരനും ആവശ്യമുള്ളതാണോ ; | (സി) ആധാർ 12 അക്ക ഏകീകൃത തിരിച്ചറിയൽ നമ്പറും എൻ.പി.ആർ പൗരത്വ രേഖയുമാണ്. ഇവയിൽ ആധാർ ഒരു പദ്ധതിയും എൻ.പി.ആർ രജിസ്ട്രേഷൻ സിറ്റിസൺഷിപ്പ് ആക്റ്റ്-1955 |

പ്രകാരവുമാണ്. എന്നാൽ ഇപ്പോൾ സംസ്ഥാനത്ത് എൻ.പി.ആർ വഴിയും ആധാർ പദ്ധതി വഴിയും രജിസ്റ്റർ ചെയ്യുന്നവർക്ക് ആധാർ കാർഡ് ലഭിക്കുന്നു. എൻ.പി.ആർ കാർഡ് ലഭിച്ചു തുടങ്ങിയിട്ടില്ല.

| | | | |
|---|---|---|---|
| (ഡി) | ഇതു സംബന്ധിച്ചുള്ള ആശയ കുഴപ്പങ്ങൾ ദൂരീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (ഡി) | ആശയ കുഴപ്പങ്ങൾ ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ഇ) | ദേശീയ ജനസംഖ്യാ രജിസ്റ്ററിൽ ഏറ്റവും എളുപ്പത്തിൽ പേരു ചേർക്കുവാനുള്ള സംവിധാനങ്ങൾ വ്യക്തമാക്കാമോ ? | (ഇ) | ദേശീയ ജനസംഖ്യ രജിസ്റ്ററിൽ പേര് ചേർക്കുന്നതിന് സംസ്ഥാനത്തുടനീളം ഒരേ നടപടി ക്രമങ്ങളാണ് നിലവിലുള്ളത്. അവശത അനുഭവിക്കുന്നവർക്കും, കിടപ്പിലായവർക്കും അവരുടെ വീടുകളിൽ പോയി വിവര ശേഖരണം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദീകരിക്കാമോ ? | (എഫ്) | കേരളത്തിൽ 78% പേരുടെ വിവര ശേഖരണം പൂർത്തിയായി കഴിഞ്ഞു. ബാക്കി വിവരശേഖരണം ക്യാമ്പുകൾ സംഘടിപ്പിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ